കൂർക്കഞ്ചേരി ശ്രീനാരായണ ഭക്തപരിപാലനയോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീനാരായണ ഗുരുദേവന്റെ **93-ാമത് മഹാസമാധി ദിനാചരണം** ക്ഷേത്രത്തിൽ ക്ഷേത്രം മേൽശാന്തി വി.കെ രമേഷ് ശാന്തിയുടെ മുഖ്യ കാർമ്മികത്വത്തിൽ വിശേഷാൽ പൂജകളോടെ രാവിലെ 6.00 മുതൽ വൈകീട്ട് 6.00 വരെ അഖണ്ഡ നാമയജ്ഞം, രാവിലെ **9.00 മുതൽ** ഗുരുദേവ പർണ്ണശാലയിൽ ഉപവാസവും പ്രാർത്ഥനയും ഉച്ചതിരിഞ്ഞ് **3.30 ന്** (ഗുരുദേവൻ സമാധിയായ സമയം) വൈസ്.പ്രസിഡണ്ട് ശ്രീ.കെ.കെ ബാബു ധർമ്മ പതാക ഇറക്കി ഗുരുദേവ പർണ്ണശാലയിൽ സമൂഹപ്രാർത്ഥന എന്നീ ചടങ്ങുകളോടെ ഭക്തി നിർഭരമായി ആചരിച്ചു.

പ്രസ്തുത ചടങ്ങുകൾക്ക് എസ്.എൻ.ബി.പി.യോഗം പ്രസിഡണ്ട് ശ്രീ.പി.വി.ഗോപി, സെക്രട്ടറി ശ്രീ.കെ.വി. ജിനേഷ്, അസി.സെക്രട്ടറി ശ്രീ.കെ.കെ.ജയൻ കൂനമ്പാടൻ, ട്രഷറർ ശ്രീ.പി.കെ. സുനിൽകുമാർ, കൺവീനർ ശ്രീ.പി.എസ്. ഉൻമേഷ് പാറയിൽ, ഭരണസമിതി അംഗങ്ങളായ എം.കെ സൂര്യപ്രകാശ്, തോപ്പിൽ പീതാംബരൻ, ഡോ.ടി.കെ.വിജയരാഘവൻ, കെ.കെ. പ്രകാശൻ കൂട്ടാല, സി.എസ് മംഗൾദാസ്, ആനന്ദപ്രസാദ് തേറയിൽ, എ.കെ മോഹൻദാസ്, മാതൃസമിതി അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

21.09.2020

കെ.വി ജിനേഷ്
സെക്രട്ടറി